ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന 11-ാമത് ദേശീയ കൈത്തറി ദിനാഘോഷത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് അധ്യക്ഷത വഹിക്കും.

   **President Draupadi Murmu will preside over the 11th National Handloom Day celebrations in New Delhi today.**

2. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവായ എം.എസ്. സ്വാമിനാഥൻറെ ജന്മ ശതാബ്ദിയോട് അനുബന്ധിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the M.S. Swaminathan Centenary International Conference in New Delhi today.**

3. ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് അമേരിക്ക ചുമത്തിയ അധിക തീരുവ യുക്തിരഹിതമെന്ന് വിദേശകാര്യ മന്ത്രാലയം.

India reiterated its response against the United States additional tariff imposition saying that the actions are unfair and unreasonable.

4. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനുമുള്ള സമയപരിധി ഇന്ന് അവസാനിക്കും.

The deadline for adding and correcting names in the voter's list for local body elections in Kerala ends today.

5. വർദ്ധിച്ചുവരുന്ന സൈബർ- സാമ്പത്തിക തട്ടിപ്പുകളിൽ ജാഗ്രതാ മുന്നറിയിപ്പുമായി ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ.

The Telecom Regulatory Authority of India has issued a warning against increasing cyber-financial frauds.

6. ചൈനയിൽ ഇന്നാരംഭിക്കുന്ന വേൾഡ് ഗെയിംസിൽ 18 അംഗ ഇന്ത്യൻ സംഘം മത്സരിക്കും.

An 18-member Indian team will compete in the World Games starting today in China.

&&&&&&&&&&&&&&&&&&&&&&&&&&&

## PREZ-HANDLOOM DAY

ന്യൂഡൽഹിയിൽ നടക്കുന്ന 11-ാമത് ദേശീയ കൈത്തറി ദിനാഘോഷത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് അധ്യക്ഷത വഹിക്കും. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്കും സാംസ്കാരിക

സ്വത്വത്തിനും രാജ്യത്തെ കൈത്തറി മേഖല നൽകിയ സംഭാവനകളെ ആദരിക്കുക എന്നതാണ് ടെക്സ്റ്റൈൽസ് മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടിയുടെ ലക്ഷ്യം. രാജ്യത്തുടനീളമുള്ള 650 ഓളം നെയ്ത്തുകാർ, വിദേശ ഉപഭോക്താക്കൾ , കയറ്റുമതി വ്യവസായികൾ , തുടങ്ങിയവർ പങ്കെടുക്കും. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ഗിരിരാജ് സിംഗ്, സഹമന്ത്രി പബിത്ര മാർഗരിറ്റ, എന്നിവർ ചടങ്ങിൽ സംബന്ധിക്കും. മികച്ച നെയ്ത്തുകാർക്ക് സന്ത് കബീർ കൈത്തറി പുരസ്കാരം, ദേശീയ കൈത്തറി പുരസ്കാരം എന്നിവയും സമ്മാനിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## HANDLOOM DAY

ദേശീയ കൈത്തറി ദിനമായ ഇന്ന് കേരളത്തിലും വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി. രാജീവ് തിരുവനന്തപുരത്ത് നിർവഹിക്കും. കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള അവാർഡ് വിതരണവും തൊഴിലാളികളെ ആദരിക്കലും മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## PM–AGRICULTURE CONFERENCE

ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവായ എം.എസ്. സ്വാമിനാഥൻറെ ജന്മ ശതാബ്ദിയോട് അനുബന്ധിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച വരെയാണ് സമ്മേളനം. എം.എസ്. സ്വാമിനാഥന്റെ സ്മരണയ്ക്കായി നാണയവും സ്റ്റാമ്പും ചടങ്ങിൽ പുറത്തിറക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## PM KARTHAVYAPATH (INTRO)

സുതാര്യവും പൗരകേന്ദ്രീകൃതവുമായ ഭരണമാണ് കഴിഞ്ഞ 11 വർഷമായി രാജ്യത്ത് നടന്നുവരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടന്ന പൊതുപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ നിർമിച്ച കർത്തവ്യ ഭവൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിച്ചു. സർക്കാർ സേവനങ്ങൾ സുഗമമായി ജനങ്ങളിൽ എത്തിക്കാനും സർക്കാരിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഇതിലൂടെ സാധിക്കുമെന്ന് പ്രധാന മന്ത്രി പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&&&

## MEA-US TARIFF

അമേരിക്കയുടെ അധിക തീരുവ ചുമത്തൽ അന്യായവും, യുക്തിരഹിതവുമാണെന്ന് ആവർത്തിച്ച് ഇന്ത്യ. ദേശീയ താൽപര്യം സംരക്ഷിക്കാൻ ആവശ്യമായ എല്ലാ നടപടികളും ഇന്ത്യ സ്വീകരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇന്ത്യയ്ക്ക് മേൽ 25 ശതമാനം അധിക തീരുവ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് പ്രതികരണം.

റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതിയുടെ പേരിലാണ് അമേരിക്ക 25 ശതമാനം അധിക തീരുവകൂടി ഇന്ത്യക്കുമേൽ പ്രഖ്യാപിച്ചത്. 140 കോടി ജനങ്ങളുടെ ഊർജ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് ഇന്ത്യയുടെ ഇറക്കുമതി. എന്നാൽ യുഎസ്

നടപടി നിർഭാഗ്യകരമാണെന്നും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## TRAI – ADVISORY

ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ യുടെ പേരിൽ സൈബർ- സാമ്പത്തിക തട്ടിപ്പുകൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ചു ട്രായ് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. "ഡിജിറ്റൽ അറസ്റ്റ്" തട്ടിപ്പ് പോലെയുള്ളവയ്ക്കെതിരെ ജാഗ്രത പുലർത്തണം. മൊബൈൽ നമ്പർ വിച്ഛേദിക്കുന്നത് സംബന്ധിച്ച് ഫോൺ കോളുകൾ വഴിയോ മറ്റു മാധ്യമങ്ങൾ വഴിയോ ഉപഭോക്താക്കളുമായി ഒരു ആശയവിനിമയവും ട്രായ് നടത്തുന്നില്ലെന്നും അവർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനുമുള്ള അവസരം ഇന്ന് അവസാനിക്കും. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തു ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. അതേസമയം, വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള സമയ പരിധി ഈ മാസം 31 വരെ നീട്ടണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശനും ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## UTTARAKHAND – DHARALI DISASTER UPDATE

ഉത്തരാഖണ്ഡിലെ ധരാലിയിൽ ഉണ്ടായ മേഘ വിസ്ഫോടത്തിൽ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ ദുരിതാശ്വാസ-രക്ഷാ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു. ഉത്തരകാശിയിൽ ഘീർഗംഗ നദിയിലുണ്ടായ മിന്നൽ പ്രളയത്തിൽ അകപ്പെട്ട 130 പേരെ ഇതുവരെ രക്ഷപ്പെടുത്തി. ഗംഗോത്രിയിൽ 80 ഓളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ധരാലി സന്ദർശിച്ച മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ദുരിതബാധിത കുടുംബങ്ങൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പ് നൽകി.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&

## INDIAN ARMY–UTTARKASHI

അതേസമയം, മേഘവിസ്ഫോടനത്തെത്തുടർന്ന് ഒരു ജൂനിയർ കമ്മീഷൻഡ് ഓഫീസറെയും 8 ജവാൻമാരെയും കാണാതായതായി ഇന്ത്യൻ സൈന്യം അറിയിച്ചു. മേഘവിസ്ഫോടനത്തിൻറെ രക്ഷാ-ദുരിതാശ്വാസ നടപടികൾക്ക് കേരളത്തിലെ ജനങ്ങളുടെ പിന്തുണ ഉണ്ടാകുമെന്നും ആവശ്യമായ സഹായം നൽകാൻ കേരള സർക്കാർ തയ്യാറാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ധരാലിയിൽ കുടുങ്ങിയ 28 അംഗ മലയാളി സംഘത്തിന്റെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിക്ക് കത്ത് നൽകി.

&&&&&&&&&&&&&&&&&&&&&&&&&&&

## CM-PUNARGEHAM

ഫിഷറീസ് വകുപ്പിൻറെ പുനർഗേഹം പദ്ധതിയിലൂടെ തിരുവനന്തപുരം മുട്ടത്തറയിൽ നിർമിച്ച 332 ഫ്ലാറ്റുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. ഇതിൻറെ ഭാഗമായി മലപ്പുറം ഉണ്ണ്യാലിൽ ഒരുക്കിയ ഫ്ലാറ്റ് സമുച്ചയത്തിൻറെ താക്കോൽ ദാനം മന്ത്രി വി അബ്ദുറഹ്മാൻ നിർവഹിക്കും. ഫിഷറീസ് മേഖലയിലെ നിക്ഷേപ പദ്ധതികൾ ചർച്ച ചെയ്യാൻ അടുത്ത മാസം തിരുവനന്തപുരത്ത് കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## BREAST FEEDING

ലോക മുലയൂട്ടൽ വാരാചരണം ഇന്ന് സമാപിക്കും. ജനിച്ച ആദ്യ മണിക്കൂറുകളിൽ തന്നെ കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന ബോധവത്ക്കരണമാണ് വാരാചരണത്തിലൂടെ ലക്ഷ്യമിട്ടത്. മുലയൂട്ടലിന് മുൻഗണന നൽകുക, സുസ്ഥിര പിന്തുണാ സംവിധാനങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&&&&&&&&&

## WORLD GAMES 2025

ചൈനയിലെ ചെങ്ഡുവിൽ ഇന്നാരംഭിക്കുന്ന വേൾഡ് ഗെയിംസ് 2025 ൽ 18 അംഗ ഇന്ത്യൻ ടീം മത്സരിക്കും. ഒളിമ്പിക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കായിക ഇനങ്ങൾ വേൾഡ് ഗെയിംസിൽ പ്രദർശിപ്പിക്കും. ഈ വർഷം 253 മെഡൽ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1981 മുതൽ നാല് വർഷം കൂടുമ്പോഴാണ് ഗെയിംസ് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&

## CHENNAI MASTERS–POSTPONED

ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് 2025 മത്സരങ്ങൾ ഇന്ന് ആരംഭിക്കും. ഇന്നലെ ആരംഭിക്കാനിരുന്ന മത്സരം ചെന്നൈയിലെ ഹയാത്ത് റീജൻസിയിൽ ഉണ്ടായ തീപിടുത്തത്തെത്തുടർന്നാണ് ഇന്നത്തേക്ക് മാറ്റിയത്. ഈ മാസം 15 വരെയാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&&&

## FOOTBALL – ASIAN CUP 2026 QUALIFIERS

മ്യാൻമറിലെ യാങ്കോണിൽ നടന്ന എ.എഫ്.സി അണ്ടർ-20 വനിതാ ഏഷ്യൻ കപ്പ് യോഗ്യതാ റൗണ്ടിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്തോനേഷ്യയ്ക്കെതിരെ ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. ഗ്രൂപ്പ് ലീഡറായ മ്യാൻമർ ഇന്നലെ തുർക്ക്മെനിസ്ഥാനെ 6-1ന് പരാജയപ്പെടുത്തി. ഇന്ത്യ നാളെ തുർക്ക്മെനിസ്ഥാനെ നേരിടും.

&&&&&&&&&&&&&&&&&&&&&&&&&&&

## RAIN – KERALA

കേരളത്തിൽ ചില ഇടങ്ങളിൽ ഒറ്റപ്പെട്ട വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## MAOISTS SURRENDER

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ ഒമ്പത് മാവോയിസ്റ്റുകൾ സുരക്ഷാ സേനയ്ക്ക് മുന്നിൽ കീഴടങ്ങി. കീഴടങ്ങിയ

മാവോയിസ്റ്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ പുനരധിവാസ നയപ്രകാരം അമ്പതിനായിരം രൂപ വീതം നൽകി. അതേസമയം, ജില്ലയിലെ ഗംഗാലൂർ മേഖലയിൽ ഇന്നലെ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു മാവോയിസ്റ്റ് കൊല്ലപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&&&&

## UTTARAKHAND – KAILASH MANSAROVAR

മോശം കാലാവസ്ഥയെ തുടർന്ന് കൈലാസ്-മാനസരോവർ തീർത്ഥാടകരുടെ യാത്ര തടസ്സപ്പെട്ടു. കൈലാസ്-മാനസരോവർ തീർത്ഥാടകരുടെ നാലാമത്തെ സംഘത്തിൻറെ യാത്രയാണ് ഉത്തരാഖണ്ഡിലെ ധാർച്ചൂല ബേസ് ക്യാമ്പിൽ വച്ച് തടസപ്പെട്ടത്. 14 സ്ത്രീകൾ ഉൾപ്പെടെ 48 തീർത്ഥാടകർ സംഘത്തിലുണ്ട്. വിദേശകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന കൈലാഷ് മാനസരോവർ യാത്ര ജൂണിൽ ആരംഭിച്ച് ഓഗസ്റ്റിൽ അവസാനിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## GTRI – TRUMPs TARRIF

ഇന്ത്യക്ക് 25 ശതമാനം അധിക തീരുവ ചുമത്തിയ അമേരിക്കയുടെ തീരുമാനം കാപട്യമാണെന്ന് ഗ്ലോബൽ ട്രേഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. റഷ്യയുമായുള്ള വ്യാപാരവുമായി ബന്ധപ്പെട്ട് സഖ്യകക്ഷികളോടുള്ള അമേരിക്കയുടെ സമീപനം പക്ഷപാതപരമാണെന്ന് പ്രസ്താവനയിൽ പറഞ്ഞു. നിലവിലുള്ള 25 ശതമാനത്തിനു പുറമേ, അധികതീരുവ ചുമത്തിയതിലൂടെ ഈമാസം 27 മുതൽ മൊത്തം തീരുവ 50 ശതമാനമായി ഉയരും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&